മഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം

മലയാളവിഭാഗം

# പഠനഫലപ്രാപ്തി- ബിരുദം

# COURSE OUTCOME

SEMESTER 1 - സെമെസ്റ്റർ ഒന്ന്:

കേരളത്തിന്റെ ഭാഷയായ മലയാളഭാഷയും സാഹിത്യവും കലാസാംസ്കാരികരൂപങ്ങളും ഉത്ഭവിക്കുകയും വികസിക്കുകയും ചെയ്തതിന് കാരണമായിത്തീർന്ന രാഷ്ട്രീയവും സാംസ്കാരികവുമായ പശ്ചാത്തലങ്ങളെ മനസ്സിലാക്കുക എന്ന ചരിത്രപരമായ സമീപനത്തിലൂടെ ആരംഭിക്കുന്നു. ഈ പഠനത്തെ രണ്ട് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രാചീന-മധ്യകാലഘട്ടങ്ങളുടെ വിവരങ്ങളാണ് ഈ ഘട്ടത്തിൽ പരിചയപ്പെടുന്നത്. സാംസ്കാരികമായ തനിമകളെ തിരിച്ചറിയാനും ദേശീയബോധം വളരാനും ഇത് സഹായകമാകുന്നു.

മലയാളസംസ്കാരത്തെ കേരളപഠനത്തിലൂടെ തിരിച്ചറിയുമ്പോൾ, സാഹിത്യത്തിൽ നോവൽസാഹിത്യത്തെ അടുത്തറിയുന്നതാണ് മറ്റൊരു ഭാഗം. നോവലിന്റെ ഘടന, രൂപപ്പെട്ടുവരുന്ന ചരിത്രം, നോവലിൽ ഉണ്ടായിട്ടുള്ള ഭാവുകത്വപരിണാമങ്ങൾ, പ്രമേയങ്ങൾ, ഭാഷ എന്നിവയെക്കുറിച്ച് പരിചയപ്പെടുന്നു. അതുവഴി, നോവലുലുടെ തരംതിരിവുകളെപ്പറ്റിയും അത്തരം സാധ്യതകളെപ്പറ്റിയും ഒപ്പം പരിമിതികളെപ്പറ്റിയും വിശകലനം ചെയ്യുന്നു. പുതുനോവലുകളുടെ സൗന്ദര്യശാസ്ത്രം വരെ എത്തേണ്ട ഈ വിശകലനം, നോവൽനിരൂപണശേഷിയെ രൂപപ്പെടുത്തുന്നു. ലോകനോവലുകൾ, ഇന്ത്യൻനോവലുകൾ എന്നിവയുമായുള്ള താരതമ്യപഠനം കൂടുതൽ ഉൾക്കാഴ്ചകളിലേയ്ക്ക് വഴിതെളിക്കുന്നു.

SEMESTER 2 - സെമെസ്റ്റർ രണ്ട്:

കേരളവും മലയാളസംസ്കാരവും ഭാഷയും ആധുനികപരിവർത്തനത്തിലേയ്ക്ക് കടക്കുന്ന വിവിധ സംഭവവികാസങ്ങൾ പരിചയപ്പെടുന്നു. അതുവഴി പൗരബോധം വികസിക്കുകയും ചരിത്രഗവേഷണങ്ങളിലും സാംസ്കാരികപ്രവർത്തനങ്ങളിലും താത്പര്യം ഉടലെടുക്കുകയും ചെയ്യുന്നു എന്നതാണ് ഫലം.

നോവൽസാഹിത്യത്തെ അടുത്തറിഞ്ഞതുപോലെ, മലയാളഗദ്യസാഹിത്യത്തിലെ ദൃശ്യസാഹിത്യംകൂടിയായ നാടകത്തിന്റെ ചരിത്രം, ഘടന, അവതരണരീതികൾ, ഭാവുകത്വപരിണാമങ്ങൾ, പ്രമേയം, സ്വാധീനങ്ങൾ, വൈവിധ്യങ്ങൾ, അരങ്ങ്-സാഹിത്യം എന്ന വേറിട്ടതും സമന്വയിപ്പിച്ചതുമായ ബോധ്യം, ആധുനികതയുടെ സ്വാധീനം എന്നിങ്ങനെ വിപുലമായ ജ്ഞാനം നേടുക. ഒപ്പം വിവിധ നാടകകൃത്തുക്കളുടെ വിവരശേഖരണം നടത്തുകയും അനുഭവപരിസരങ്ങളുടെ സംവേദനത്തിലൂടെ സർഗ്ഗാത്മകവും ക്രിയാത്മകവുമായി ഇടപെടുകയും ചെയ്യുന്നതാണ് ഫലം.

SEMESTER 3 - സെമെസ്റ്റർ മൂന്ന്:

സാഹിത്യത്തെ വായിച്ചറിയുന്നതുപോലെ പ്രധാനമാണ് സാഹിത്യസമീപനരീതികളുടെ ചരിത്രം അറിയുക എന്നതും. ഭാരതീയവും പാശ്ചാത്യവുമായി നിലനിന്നിരുന്ന വിവിധ സാഹിത്യദർശനങ്ങളെ പഠിക്കുക വഴി, അപഗ്രഥനശേഷിയും വിമർശനബുദ്ധിയും സൈദ്ധാന്തികബുദ്ധിയും താരതമ്യബോധവും വികസിക്കുകയും പുതുനിലപാടുകളിൽ എത്തിച്ചേരാൻ പാകത്തിന് ധൈഷണികത വളരുകയും ചെയ്യുന്നു.

സാമൂഹികമായും സാംസ്കാരികമായും മൂല്യമുള്ള ചിന്തയാണ് പാരിസ്ഥിതികചിന്ത. ജീവിക്കുന്ന ആവാസവ്യവസ്ഥയെപ്പറ്റിയും സഹജീവികളെപ്പറ്റിയുമുള്ള അവബോധം അതിജീവന-ഉപജീവനങ്ങളുടെ ഭാഗമാണ്. ഇത്തരം ആശയങ്ങളും ചിന്തകളും മലയാളസാഹിത്യത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്ന് അന്വേഷിക്കുകയും അവയിൽ പറഞ്ഞുവച്ചതും ഇന്ന് അനുഭവിക്കപ്പെടുന്നതുമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തും വിധം സക്രിയമായ ഇടപെടലുകളും ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുന്നതിലൂടെ പാരിസ്ഥിതികസംരക്ഷണജാഗ്രത വളർത്തുകയാണ് ഫലപ്രാപ്തി.

ഡിജിറ്റലായി മാറുന്ന കാലഘട്ടത്തിൽ, മലയാളഭാഷയുടെ ഡിജിറ്റൽ സാധ്യതകളും അറിയേണ്ടതുണ്ട്. വിവരസാങ്കേതികവിദ്യ, ഇ-മലയാളം, ഭാഷാകംബ്യൂട്ടിംഗ്, ഭാഷാ-സോഫ്റ്റ്‌വെയറുകൾ എന്നിങ്ങനെ സാങ്കേതികതകളെ മനസ്സിലാക്കുകയും മലയാളത്തിന്റെ സൈബർ ഇടങ്ങളെ പരിചയപ്പെടുകയും നവമാധ്യമമലയാളത്തെക്കുറിച്ചും അതിൽ വരുന്ന സാഹിത്യത്തെക്കുറിച്ചും വിശകലനം ചെയ്യുകയും ചെയ്യുന്നു. ഭാഷയുടെ പുതിയ സാധ്യതകളെയും പുതുഭാവുകത്വത്തെയും ഒരേ അളവിൽ മനസ്സിലാക്കിത്തരുന്നതാണ് ഫലപ്രാപ്തി.

## SEMESTER 4 - സെമെസ്റ്റർ നാല്:

മലയാളസാഹിത്യത്തിൽ സമ്പന്നമായ കാവ്യശാഖയുടെ ആധുനികകാലഘട്ടത്തെ വിശദമായി അറിയുകയാണ് ഇവിടെ. കാല്പനികകവിതകളുടെ ഘട്ടം ഘട്ടമായുള്ള വികാസപരിണാമങ്ങൾ പ്രമേയം, ഭാഷ, ഘടന, താളം, പ്രതീകം, ബിംബകല്പന, എന്നിങ്ങനെ ഓരോ തലത്തിലും കടന്നുവരുന്നത് വിവരണാത്മകമായും താരതമ്യാത്മകമായും വിമർശനാത്മകമായും അപഗ്രഥിക്കുന്നു. കാവ്യാസ്വാദനത്തിലും ആലാപനതിലും നിപുണരാകുക

എന്നതിനൊപ്പം കവിതയും സമൂഹവും തമ്മിലുള്ള ബന്ധങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സൂക്ഷ്മമായ പരിണാമങ്ങൾ തിരിച്ചറിയുന്നതാണ് ഫലം.

മലയാളഗദ്യത്തിന്റെ നിരൂപണശാഖയെ വിശദമായി അറിയുക. മലയാള നിരൂപണത്തിന്റെ ചരിത്രവും വർത്തമാനവും പ്രധാനനിരൂപകരും അവരുടെ നിലപാടുകളും അറിയുക വഴി, നിരൂപണം ചെയ്യുവാനുള്ള നിപുണത കരസ്ഥമാക്കുക എന്നതാണ് ഫലപ്രാപ്തി. വിമർശനസാഹിത്യത്തിന്റെ പരിചയം വ്യത്യസ്തമായ ഒരു സാഹിത്യാവബോധം സൃഷ്ടിക്കുന്നു.

സാംസ്കാരികമായ ഘടകങ്ങളിൽ നിലനിക്കുന്ന ആധിപത്യവ്യവസ്ഥ ചോദ്യം ചെയ്യപ്പെടുന്ന കാലമാണ് വർത്തമാനകാലം. സ്വാഭാവികമായും അത് സാംസ്കാരികപ്രവർത്തനമായ സാഹിത്യത്തെയും സാഹിത്യസമീപനത്തെയും സ്വാധീനിക്കുന്നു. അതിനാൽ, ലിംഗം, വംശം, വർഗ്ഗം തുടങ്ങിയെക്കുറിച്ചുള്ള പുതുധാരണകളും മാറിയ മാനവീയ ബോധവും ദളിത്-സ്ത്രീ സങ്കല്പങ്ങളും സർഗ്ഗാത്മകജീവിതവും അവയുടെ സൗന്ദര്യശാസ്ത്രവും നിലപാടുകളും സോദാഹരണം അറിയുക എന്നതാണ് ഫലം.

## SEMESTER 5 - സെമെസ്റ്റർ അഞ്ച്:

പരമ്പരാഗത വ്യാകരണസമീപനങ്ങൾക്കുപുറത്ത് ഭാഷയുടെ എല്ലാ വ്യവഹാരങ്ങളെയും അതിന്റെ പ്രായോഗികതയിൽ ഊന്നിക്കൊണ്ട് ശാസ്ത്രീയമായി സമീപിക്കുന്ന ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങൾ, സങ്കല്പങ്ങൾ, സമീപനങ്ങൾ എന്നിവ അറിയുക. വിവിധ ഭാഷാനിയമങ്ങളെ ഭാഷയുടെ പ്രയോഗത്തിൽനിന്ന് കണ്ടെത്തി ഭാഷാവബോധം മെച്ചപ്പെടുത്തുക എന്നതാണ് ഫലം.

നോവൽ, നിരൂപണം, നാടകം എന്നീ ഗദ്യസാഹിത്യങ്ങളെ വിശദമായി പഠിച്ചതുപോലെ ചെറുകഥാസാഹിത്യത്തെയും പഠിക്കേണ്ടതുണ്ട്. അതിന്റെ ചരിത്രം, ഘടന, വർഗ്ഗീകരണം, ഭാവുകത്വം, പ്രമേയം, ഭാഷ, എഴുത്തുകാർ, വിവിധ

ഭാഷകളിലെ പ്രാധാന ചെറുകഥകൾ, ഇവ തമ്മിലുള്ള താരതമ്യങ്ങൾ എല്ലാം ചെറുകഥകളെ സൂക്ഷ്മമായി അറിയുന്നതിന്റെ ഭാഗമാണ്. അന്തർവൈജ്ഞാനികപഠനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ചെറുകഥാനിരൂപണപാടവം വികസിപ്പിക്കുക എന്നത് ഫലം. അതുപോലെതന്നെ ജീവിതാനുഭവങ്ങൾ സംവേദനം ചെയ്യപ്പെടുന്ന ജീവചരിത്രം, ആത്മകഥ, യാത്രാവിവരണം എന്നീ ഗദ്യസാഹിത്യങ്ങളും ഇത്തരത്തിൽ അപഗ്രഥിക്കപ്പെടുന്നു. യാത്രാവിവരണം ചരിത്ര-സാംസ്കാരിക വിവരണങ്ങൾകൂടിയാണെന്നും വ്യക്തിയും സമൂഹവും തമ്മിലുള്ള പാരസ്പര്യത്തെ വിമർശനാത്മകമായി സമീപിക്കാൻ കഴിയുന്ന വിധമാണ് ജീവചരിത്രവും ആത്മകഥയും വായിക്കപ്പെടെണ്ടതെന്നും തിരിച്ചറിയുകയാണ് ഫലപ്രാപ്തി.

വിവർത്തനത്തെ ഗൗരവമുള്ള മേഖലയായി തിരിച്ചറിയേണ്ടതുണ്ട്. ഒരു ജ്ഞാനമേഖല എന്ന നിലയിൽ അതിന്റെ പ്രസക്തിയും സവിശേഷതകളും അറിയുക, വിശ്വമാനവികതയടക്കമുള്ള ലോകബോധങ്ങളെ വിവർത്തനം സ്വാംശീകരിച്ചത് എങ്ങനെ എന്ന് മനസ്സിലാക്കുക ഭാഷകളുടെ സാംസ്കാരികസവിശേഷതകളെയും ലക്ഷ്യ-സ്രോതഭാഷകളുടെ ശക്തി-ദൗർബല്യങ്ങളെയും വിവർത്തനം നിർദ്ധാരണം ചെയ്യുന്നു എന്ന് കണ്ടെത്തുക, ഭാഷയ്ക്കും സാഹിത്യത്തിനും വളരാനുള്ള വളമായി ഇത് മാറുന്നത്തിന്റെ തോത് അറിയുക, സാംസ്കാരികോത്ഗ്രഥനത്തിൽ വിവർത്തനത്തിന്റെ പ്രസക്തി മനസ്സിലാക്കുക എന്നിവ പ്രാഥമികജ്ഞാനങ്ങളാണ്. ഡിജിറ്റൽ യുഗത്തിൽ വിവർത്തനത്തിന്റെ സാധ്യതകളും പരിമിതികളും അറിയുന്നതോടൊപ്പം വിവർത്തനം ഒരുക്കുന്ന വിപുലമായ തൊഴിൽ സാധ്യതകളെ അറിയുന്നതും പ്രധാനമാണ്.

പുതുകാല കല എന്ന നിലയിലും സർഗ്ഗാത്മകമായ ഇടം എന്ന നിലയിലും സാംസ്കാരികമായി സ്വാധീനിക്കുന്ന ഒന്നാണ് ചലച്ചിത്രം. അതുകൊണ്ടുതന്നെ ചലച്ചിത്രത്തിന്റെ ഘടന, സാങ്കേതികതകൾ, ചരിത്രം എന്നിവ അറിഞ്ഞുകൊണ്ട്,

അവയിൽ സർഗാത്മകമായി ഇടപെടാനും വിമർശനബുദ്ധ്യാനോക്കിക്കാണാനും സൈദ്ധാന്തികമായും പ്രായോഗികമായും വളർത്തുക എന്നതാണ് ഫലപ്രാപ്തി.

കേരളസാമൂഹികപരിവർത്തനങ്ങളോട് ചേർത്തുവച്ചുകൊണ്ടല്ലാതെ, മലയാളഭാഷയുടെയുടെയും സാഹിത്യത്തിന്റെയും ചരിത്രം സ്വതന്ത്രമായിയും സൂക്ഷ്മമായും വിശദമായും അറിയുക എന്നതാണ് ഫലം. ഭാഷയുടെ പരിണാമഘട്ടങ്ങൾ, സാഹിത്യത്തിന്റെ പരിണാമദശകൾ, വാമൊഴിയും വരമൊഴിയും എന്നിങ്ങനെയുള്ള ചരിത്രത്തിന്റെ ആദ്യഭാഗം ഈ ഘട്ടത്തിൽ പഠിക്കപ്പെടുന്നു.

## SEMESTER 6 - സെമെസ്റ്റർ ആറു:

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്രത്തിന്റെ അടുത്തഭാഗം ഈ ഘട്ടത്തിൽ വിവരിക്കപ്പെടുന്നു. ഇങ്ങനെ കേരളസമൂഹം, അതിന്റെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരികമാറ്റം, ഭാഷയുടെ വളർച്ച, സാഹിത്യപരിണാമം എന്നിങ്ങനെ വിശദമായ ചരിത്രബോധം ബിരുദത്തിലൂടെ ലഭിക്കുന്നു.

മലയാളഭാഷയുടെ ഗദ്യവഴികൾ എല്ലാം വിശദമായി അറിയുകയും കവിതാവഴിയിൽ ആധുനികമലയാളകവിതമാത്രം പരിചയപ്പെടുകയും ചെയ്തതിനാൽ കാല്പനികതയ്ക്കുമുൻപുള്ള മലയാളകവിതകളുടെ വിശദപഠനവും ആവശ്യമാണ്. ആധുനികപൂർവ്വ മലയാളകവിത കാല്പനികതയ്ക്ക് മുൻപുള്ള കാവ്യഭാവുകത്വങ്ങളെ പരിചയപ്പെടുത്തുന്നു.

ഭാഷാശാസ്ത്രസമീപനത്തിലൂടെയുള്ള ഭാഷാപഠനംപോലെ മലയാളവ്യാകരണത്തിന്റെ വിമർശനാത്മകപഠനവും ഭാഷാവബോധസൃഷ്ടിയിൽ പ്രധാനമാണ്.

മലയാളത്തിന്റെ വ്യത്യസ്തമായ സാംസ്കാരികത്തനിമകൾ പകർന്നുനൽകുന്ന ഒന്നാണ് നാട്ടറിവ് പഠനം. വരമൊഴികൾക്കപ്പുറം വാമൊഴികളെ കേന്ദ്രീകരിച്ചുള്ള ഈ

അറിവുകൾ യാത്രകളിലൂടെയും അനുഭവവിവരണങ്ങളിലൂടെയും സമ്പാദിക്കേണ്ടതാണ്. നാട്ടറിവുപഠനത്തിന്റെ സൗന്ദര്യശാസ്ത്രത്തെ സൈദ്ധാന്തികമായി മനസ്സിലാക്കിക്കൊണ്ട് ശേഖരിക്കപ്പെട്ട അറിവുകളെ സ്ഥാനപ്പെടുത്തുകയാണ് ഫലപ്രാപ്തി.

<u>രണ്ടാം ഭാഷാപഠനം :</u>

മലയാളകവിതയുടെ ചരിത്രപരമായ വിശകലനത്തെക്കുറിച്ച് അവബോധം നേടുകയും കാവ്യാഭിരുചിയും ആസ്വാദനവും വളർത്തുകയും ചെയ്യുന്നു. കവിതയുടെ വിവധ ഘടകങ്ങളെക്കുറിച്ച് സൂക്ഷ്മധാരണ ഉണ്ടാകുക വഴി, അവയെ വിശകലനം ചെയ്യാനുള്ള പ്രാപ്തി കൈവരിക്കുന്നു. പല കാലഘട്ടങ്ങളിലെ രചനാരീതികൾ താരതമ്യം ചെയ്തുകൊണ്ട്, കാവ്യാസ്വാദനത്തെ കാവ്യനിരൂപണമായി എഴുതാനുള്ള ശേഷി വളർത്തുന്നു.

കവിതയുടെ വളർച്ച പരിചയപ്പെടുന്നതുപോലെതന്നെ പ്രധാനമാണ് മലയാളത്തിന്റെ ഗദ്യസാഹിത്യഘട്ടങ്ങളെയും രൂപങ്ങളെയും അറിയുക എന്നുള്ളത്. മലയാളഗദ്യസാഹിത്യരൂപങ്ങളെപ്പറ്റിയുള്ള സാമാന്യാവലോകനം, അവയുടെ ഉത്പത്തിവികാസങ്ങൾ, അവയിലെ ഭാവുകത്വങ്ങൾ എന്നിവ അടുത്തറിയുന്നു. വിവിധ എഴുത്തുകാരുടെ രചനാശൈലികളെ താരതമ്യം ചെയ്ത് വിലയിരുത്തുന്നു. ഗദ്യസാഹിത്യങ്ങളിലെ ഭാഷ, പ്രമേയം, സാമൂഹിക്-രാഷ്ട്രീയ പരിപ്രേക്ഷ്യങ്ങൾ, സൗന്ദര്യതലം എന്നിവ നിർദ്ധാരണം ചെയ്യുന്ന വിധം നിരൂപണം തയ്യാറാക്കാനുള്ള ശേഷി ആർജ്ജിക്കുകയും ചെയ്യുന്നു എന്നതാണ് ഫലം.

മലയാളം മാതൃഭാഷയാണെന്ന് ഇരിക്കേ, നിത്യപ്രയോഗത്തിലൂടെ അറിവില്ലായ്മകൊണ്ട് സംഭവിക്കുന്ന തെറ്റുകൾ, പ്രയോഗവൈകല്യങ്ങൾ, വ്യാകരപിശകുകൾ തുടങ്ങിയവയെ തിരിച്ചറിഞ്ഞ് മലയാളത്തിൽ ഭാഷാനൈപുണി നേടുക എന്നതാണ് ഫലപ്രാപ്തി. ഒപ്പം വിവർത്തനം, വിവർത്തനകൃതികൾ,

സർഗ്ഗാത്മകരചനകൾ എന്നിവ പരിചയപ്പെട്ടുകൊണ്ട് സർഗ്ഗജീവിതത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക. സർഗ്ഗാത്മകരചനകൾക്ക് വഴിതെളിക്കുകയും ചെയ്യുക എന്നത് കോഴ്സിന്റെ ഫലപ്രാപ്തിയാണ്.

കേൾവിയിലും വായനയിലും മാത്രം ഒതുങ്ങുന്നതല്ല സാഹിത്യത്തിന്റെ മാനണ്ഡങ്ങൾ എന്നതിനാൽ കഥകളി, തുള്ളൽ, നാടകം, സിനിമ എന്നിങ്ങനെ വിപുലപ്പെട്ടുക്കിടക്കുന്ന കേരളത്തിന്റെ ദൃശ്യസംസ്കാരത്തെ വിശദമായി പരിചയപ്പെടുത്തുകയാണ് ഈ കോഴ്സ് പെട്ടെന്ന് സ്വാധീനിക്കപ്പെടുന്ന ദൃശ്യകലകളെ വിമർശനാത്മകമായി കാണാൻ പഠിക്കുക എന്നത് ആവശ്യമാണ്. രചനയിൽനിന്നും പ്രായോഗികതയിലേയ്ക്കുള്ള പരിണാമത്തെ തിരിച്ചറിയുക എന്നതും തിരക്കഥ, നാടകം എന്നിവ സ്വയം രചിക്കുക എന്നതും, അഭിനയം അടക്കമുള്ള പ്രായോഗികതകളിലെയ്ക്ക് അവയെ ക്രിയാത്മകമാക്കുക എന്നതും ഇതിന്റെ ഫലപ്രാപ്തിയാണ്.